<u>15 -ാം കേരള നിയമസഭ</u>

<u>10 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 851</u> <u>31-01-2024 - ൽ മറുപടിയ്ക്ക്</u>

<u>പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിക്കാൻ നടപടി</u>

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീമതി കെ. കെ. രമ</td><td colspan="2">ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>ഹോസ്റ്റൽ ഫീസും ലംപ്സം ഗ്രാൻഡുമടക്കം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള ധനസഹായങ്ങൾ മാസങ്ങളായി മുടങ്ങിക്കിടക്കുന്ന സാഹചര്യം നിലവിലുണ്ടോ; എങ്കിൽ എത്ര കാലത്തെ ധനസഹായങ്ങളാണ് ഇപ്രകാരം മുടങ്ങിയിട്ടുള്ളത്;</td><td>(എ)</td><td>2022-23, 2023-24 അധ്യയന വർഷങ്ങളിലെ അപ്രൂവൽ ലഭിച്ച ഇ-ഗ്രാന്റ്റ്സ് പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് ക്ലെയിമുകൾ 2023-24 വർഷത്തെ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പിന്റെ ബഡ്ജറ്റ് ശീർഷകങ്ങളിൽ ലഭ്യമായ തുക പൂർണമായും വിനിയോഗിച്ച് വിതരണം ചെയ്തിട്ടുണ്ട്. സമയ ബന്ധിതമായി അപേക്ഷ സമർപ്പിക്കാത്ത വിദ്യാർഥികൾ പിന്നീട് അപേക്ഷ സമർപ്പിക്കുന്നത് മൂലം ബഡ്ജറ്റ് ശീർഷകങ്ങളെക്കാൾ കൂടുതൽ തുക ആവശ്യമായി വരുന്ന സാഹചര്യമുണ്ടാകുന്നുണ്ട്.. തുക പൂർണമായും വിനിയോഗിച്ച കഴിഞ്ഞതിനു ശേഷം അപ്രൂവലായി വന്ന വർഷത്തെ ഇ- ഗ്രാന്റ്സ് സ്കോളർഷിപ്പ് ക്ലെയിമുകളുടെ തുക വിതരണം ചെയ്യുവാനുണ്ട്.</td></tr>
<tr><td>(ബി)</td><td>എല്ലാ ഇനങ്ങളിലുമായി ആകെ എത്ര തുകയാണ് ഇപ്രകാരം കുടിശ്ശികയായി ഉള്ളത് ; ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;</td><td>(ബി)</td><td>ഇനം തിരിച്ചുള്ള കുടിശ്ശികയുടെ വിശദാംശം ചുവടെ ചേർക്കുന്നു.<br>
<table>
<tr><th>Fee Type</th><th>SC<br>( കോടിയിൽ</th><th>ST<br>( കോടിയിൽ</th></tr>
<tr><td>Lump sum Grant</td><td>6.26</td><td></td></tr>
<tr><td>Fees/Hostel Fees</td><td>23.15</td><td>15.24</td></tr>
<tr><td>Fellowship</td><td>2.40</td><td rowspan="4">Others-1.29</td></tr>
<tr><td>Additional state Allowance</td><td>84.92</td></tr>
<tr><td>State academic Allowance</td><td>5.43</td></tr>
<tr><td>Total</td><td>122.16</td></tr>
</table></td></tr>
<tr><td>(സി)</td><td>ഇതിൽ ഏതൊക്കെ ഇനങ്ങൾക്കാണ് കേന്ദ്ര ഗവൺമെൻറ് വിഹിതം ലഭിക്കുന്നത് ; ഓരോ ഇനത്തിലെയും കേന്ദ്ര വിഹിതവും സംസ്ഥാന വിഹിതവും എത്ര വീതമാണെന്ന് അറിയിക്കുമോ;</td><td>(സി)</td><td>കുടുംബ വാർഷിക വരുമാനം 2.50 ലക്ഷം വരെയുള്ള പോസ്റ്റ് മെട്രിക് പട്ടികജാതി വിദ്യാർഥികളുടെ ഫീസ്, കേന്ദ്ര നിരക്കിലുള്ള അക്കാഡമിക് അലവൻസ് എന്നീ ഇനങ്ങളിലെ ആകെ തുകയുടെ 40% സംസ്ഥാന സർക്കാരും 60% കേന്ദ്ര സർക്കാരും പട്ടികവർഗ വിദ്യാർഥികൾക്ക് 25% സംസ്ഥാന</td></tr>
</table>

| | | | |
|---|---|---|---|
| | | | സർക്കാരും 75% കേന്ദ്ര സർക്കാരും വഹിക്കുന്നു. ശേഷിക്കുന്ന എല്ലാ ഇനങ്ങളിലും 100% തുകയും സംസ്ഥാന സർക്കാർ ആണ് വഹിക്കുന്നത്. കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ളതിനേക്കാൾ ഉയർന്ന നിരക്കിലാണ് സംസ്ഥാന സർക്കാർ എല്ലാ വിഭാഗത്തിലുള്ള വിദ്യാർഥികൾക്കും അലവൻസുകൾ നൽകുന്നത്. |
| (ഡി) | ഏറെക്കാലമായി സർക്കാർ ധനസഹായങ്ങൾ മുടക്കം വരുന്നത് മൂലം പഠനം അവസാനിപ്പിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിക്കുന്ന സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിശോധിച്ചിട്ടുണ്ടോ; | (ഡി) | സ്കോളർഷിപ്പ് വിതരണം മുടങ്ങിയതു മൂലം പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർഥികൾ പഠനം അവസാനിപ്പിക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടില്ല. |
| (ഇ) | 47 ശതമാനം പേർ പഠനം നിർത്തുന്നത് സാമ്പത്തിക ബുദ്ധിമുട്ടുമൂലമാണെന്ന് സംസ്ഥാന സർക്കാർ സ്ഥാപനമായ ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് 2017- 18 ൽ നടത്തിയ പഠനത്തിൽ കണ്ടെത്തുകയുണ്ടായോ; | (ഇ) | പട്ടികജാതി വികസന വകുപ്പിന്റെ സ്ഥാപനങ്ങളുടെ (എം.ആർ.എസ്, പി.ഇ.റ്റി.സി. ഹോസ്റ്റലുകൾ, ഐ.റ്റി.ഐ കൾ) പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ആയതിൻ മേൽ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (എഫ്) | എങ്കിൽ പഠനം തുടരാൻ ആഗ്രഹിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിലെ വിദ്യാർഥികൾക്ക് സാമ്പത്തികം ഒരു തടസ്സമല്ലാത്തവിധത്തിൽ സർക്കാർ എന്തെല്ലാം അടിയന്തര നടപടികൾ സ്വീകരിക്കും; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (എഫ്) | 2.5 ലക്ഷം വരുമാന പരിധി വരെയുള്ളവർക്ക് മാത്രമെ സ്കോളർഷിപ്പിന്റെ കേന്ദ്ര വിഹിതം ലഭിക്കുകയുള്ളൂ. എന്നാൽ വരുമാന പരിധി ബാധകമാക്കാതെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി സംസ്ഥാന സർക്കാർ തുക പൂർണ്ണമായും അനുവദിച്ച് വരുന്നു |

സെക്ഷൻ ഓഫീസർ